## പതിനാലാം കേരള നിയമസഭ
## 7-ാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 671** — **08.08.2017 -ൽ മറുപടിയ്ക്ക്**

### ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എസ്.ശർമ്മ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസലിന്റെ ഘടന, പ്രവർത്തനം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) തിരുവിതാംകൂർ-കൊച്ചി ലിറ്ററി, സൈന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റിസ് രജിസ്ട്രേഷൻ ആക്റ്റ് 1955 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാനമാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ. ജില്ലാ കളക്ടർ ചെയർമാനായുള്ള ഡിറ്റിപിസിയുടെ ജനറൽ ബോഡി യിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലുമായി ജില്ലയിലെ എം.പിമാർ, 3 എം. എൽ.എ.മാർ, പഞ്ചായത്ത് പ്രസിഡന്റ്, മറ്റ് പ്രമുഖ വ്യക്തികളും അംഗങ്ങളായിട്ടുണ്ട്. ജില്ലയിലെ വിനോദ സഞ്ചാര വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ടൂറിസം വകുപ്പിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ പ്രവർത്തിച്ചുവരുന്നു. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ചെയർമാൻ ജില്ലാ കളക്ടറും, ഡിറ്റിപിസി സെക്രട്ടറി സർക്കാരിൽ നിന്നും നിയമിക്കുന്ന വ്യക്തിയുമാണ്. എല്ലാ ജില്ലകൾക്കും പൊതുവായുള്ള മാനദണ്ഡമാണിത്. |

| | | | |
|---|---|---|---|
| (ബി) | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനോദ്ദേശ്യങ്ങൾ എന്തൊക്കെയാണ്; നിലവിൽ എല്ലാ ജില്ലകളിലും ടൂറിസം പ്രമോഷൻ കൗൺസിലുകൾ പ്രവർത്തിച്ച് വരുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ജില്ലകളിൽ ടൂറിസം കേന്ദ്രങ്ങൾ പ്രാദേശിക തലത്തിൽ കണ്ടെത്തി വികസനത്തിനും നടത്തിപ്പിനും, സർക്കാരിന്റെയോ, ടൂറിസം വകുപ്പിന്റെയോ നിർദ്ദേശങ്ങൾക്ക് വിധേയമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്ന ചുമതല ഡി.റ്റി.പിസി യ്ക്കാണ്. ഡി.റ്റി.പി.സി.കൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികളിൽ അർഹമായതിന് ടൂറിസം വകുപ്പ്/സർക്കാർ അനുമതി നൽകുന്നു. ജില്ലാതലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതല വകുപ്പ് ഏൽപ്പിക്കുന്ന പക്ഷം ഡി.റ്റി.പിസി നിർവ്വഹിക്കാറുണ്ട്. സർക്കാരിന്റെ /ടൂറിസം വകുപ്പിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കേണ്ട കൗൺസിൽ ആണ് ഡി.റ്റി.പിസി. എല്ലാ ജില്ലകളിലും ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ പ്രവർത്തിക്കുന്നുണ്ട് |
| (സി) | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രധാന വരുമാന സ്രോതസ്സുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | ഡി.റ്റി.പിസി.കളുടെ നിയന്ത്രണത്തിലുള്ള ടൂറിസം സെന്ററുകളിലെ പ്രവേശന ഫീസ്, പാർക്കിംഗ് ഫീസ്, കടമുറികൾ, ടൂറിസം ആക്ടിവിറ്റികൾ എന്നിവ ലീസ് മുഖേനയോ നേരിട്ടോ നടത്തുന്നതിൽ നിന്നുള്ള തുക ടൂറിസം വകുപ്പ് നിർമ്മിച്ചുനല്കിയിട്ടുള്ള യാത്രീ നിവാസ്, മോട്ടലുകൾ, അമിനിറ്റി സെന്ററുകൾ എന്നിവയുടെ ലീസ് ഇനത്തിൽ നിന്നുള്ള വരുമാനം ഇവയാണ് ഡി.റ്റി.പിസി.യുടെ പ്രധാന വരുമാന സ്രോതസ്സുകൾ. |

സെക്ഷൻ ഓഫീസർ